# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/203/2017 2017 സെപ്റ്റംബർ 28

## <u>പത്രക്കുറിപ്പ്</u>

**അപേക്ഷാതീയതി**

ബി.ടെക്/ബി.ആർക് നവംബർ /ഡിസംബർ - 2017 പരീക്ഷകൾ നവംബർ 3ന് ആരംഭിക്കും. മൂന്നും അഞ്ചും സെമസ്റ്റർ ബി.ടെക് മേഴ്സി ചാൻസ് പരീക്ഷകളും ഇതോടൊപ്പം ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 16 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർഫൈനോടെ 20 വരെയും സ്വീകരിക്കും. മേഴ്സി ചാൻസ് വിദ്യാർത്ഥികൾ നിശ്ചിത സ്പെഷ്യൽ ഫീസും അധികമായി അടയ്ക്കണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം സെമസ്റ്റർ എം.എൽ.ഐ.എസ്.സി. (ഡിപ്പാർട്ട്മെന്റ് - 2016 അഡ്മിഷൻ റഗുലർ, അഫിലിയേറ്റഡ് കോളേജുകൾ - 2009 മുതൽ അഡ്മിഷൻ റഗുലർ & സപ്ലിമെന്ററി, ഡിപ്പാർട്ട്മെന്റ് 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 20ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 600 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പർ ഒന്നിന് 150 രൂപ വീതവും (പരമാവധി 600 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം. ആദ്യമായി എഴുതുന്നവർ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 100 രൂപയും അധികമായി അടയ്ക്കണം.

രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (ഡിപ്പാർട്ട്മെന്റ് - 2016 അഡ്മിഷൻ റഗുലർ, അഫിലിയേറ്റഡ് കോളേജുകൾ & ഡിപ്പാർട്ട്മെന്റ് - 2009 മുതൽ അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 13ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും. ആദ്യമായി പരീക്ഷ എഴുതുന്നവർ 100 രൂപ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

**എം.എഡ്. മേഴ്സി ചാൻസ്/സപ്ലിമെന്ററി പരീക്ഷ**

ഒന്നും രണ്ടും സെമസ്റ്റർ എം.എഡ്. (2002 മുതൽ 2010 വരെ അഡ്മിഷൻ – മേഴ്സി ചാൻസ്, 2011 മുതൽ 2014 വരെ അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 24ന് ആരംഭിക്കും.

**പ്രാക്ടിക്കൽ, വൈവാവോസി**

2017 ജൂണിൽ നടത്തിയ രണ്ടാം വർഷ ബി.എസ്.സി. നഴ്സിങ്ങ് (സപ്ലിമെന്ററി) പരീക്ഷയുടെ സർജിക്കൽ നേഴ്സിംഗ് , മെഡിക്കൽ നേഴ്സിംഗ് എന്നീ പേപ്പറുകളുടെ പ്രാക്ടിക്കലും വൈവാവോസിയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നേഴ്സിംഗ് എഡ്യൂക്കേഷന്റെ ഗാന്ധിനഗർ, പത്തനംതിട്ട, നെടുങ്കണ്ടം, മണിമലക്കുന്ന് എന്നീ കേന്ദ്രങ്ങളിലും, പരുമല സെന്റ് ഗ്രിഗോറിയോസ് കോളേജ് ഓഫ് നേഴ്സിംഗിലും വച്ച് ഒക്ടോബർ 4 മുതൽ 7 വരെ തീയതികളിൽ നടത്തും. വിശദമായ സമയക്രമം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

മെയ് 2017ൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. മാത്തമാറ്റിക്സ് മോഡൽ ഒന്ന്, ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, ഇൻഡസ്ട്രിയൽ മൈക്രോബയോളജി & ബി.എസ്.സി. പെട്രോ കെമിക്കൽസ് (കോംപ്ലിമെന്ററി കോഴ്സ്: കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിംഗ് വിത്ത് സി) സി.ബി.സി.എസ്.എസ്. 2016 അഡ്മിഷൻ റഗുലർ & 2013 മുതൽ അഡ്മിഷൻ സപ്ലിമെന്ററി/റീഅപ്പിയറൻസ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 4, 5 എന്നീ തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 മെയ് മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എ. സിറിയക് (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും

സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 16 വരെ അപേക്ഷിക്കാം. കോട്ടയം സീരിയിലെ റോയ് ജേക്കബ്, ബിജോ വർഗ്ഗീസ്, സുജയ് ജോൺ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

2017 ഏപ്രിൽ മാസത്തിൽ നടത്തിയ അവസാനവർഷ ബി.എഫ്.എ., ഒന്നാം വർഷ ബി.എഫ്.എ. (ഇന്റഗ്രേറ്റഡ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 13 വരെ അപേക്ഷിക്കാം. പെയിന്റിംഗിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിലെ സംഗീത് ശിവൻ, സുഭാഷ് പി., ജോസഫ് ജോയ്സൺ പി.വി. എന്നിവരും അപ്ലൈഡ് ആർട്ടിൽ അനുരാജ് എ.എം., സുശാന്ത് എസ്. ഭട്ട്, സുബിൻ ഒ.എസ്. എന്നിവരും യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. സ്കൾപ്ചറിൽ ലിസ ഹെഴ്സിലിൻ റാഫേൽ ഒന്നാം റാങ്ക് നേടി.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എം.എച്ച്. (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

**പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ**

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിൽ 2017ലെ പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷകൾ ഒക്ടോബർ 16ന് ആരംഭിക്കും. വിശദവിവരങ്ങൾക്ക് സ്കൂൾ ഓഫീസുമായി ബന്ധപ്പെടുക.

**അദ്ധ്യാപക രക്ഷാകർതൃ യോഗം**

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിലെ അദ്ധ്യാപക രക്ഷാകർതൃ സംഘടനയുടെ അടിയന്തിര യോഗം ഒക്ടോബർ നാലിന് ഉച്ചകഴിഞ്ഞ് 2.30ന് സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. എല്ലാ രക്ഷാകർത്താക്കളും പങ്കെടുക്കേണ്ടതാണ്.

**സംവരണ സീറ്റൊഴിവ്**

എം.ജി. സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ 2017ൽ എം.എസ്.സി. പ്രോഗ്രാമിന് എസ്. സി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. CAT – MGU റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന, അഡ്മിഷൻ നിരാകരിച്ചവർ ഒഴികെയുള്ള എസ്.സി. വിഭാഗത്തിൽപ്പെട്ടവർ ഒക്ടോബർ 3ന് അഞ്ച് മണിക്കകം { HYPERLINK "mailto:spap@mgu.ac.in" } എന്ന ഇ-മെയിലിലോ 0481 2731043 എന്ന നമ്പരിലോ ബന്ധപ്പെടണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**